# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### ഡവലപ് മെന്റ് ഓഫ് കായംകുളം ടൗൺ പദ്ധതി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : T 3271.** **13.03.17- ൽ മറുപടി നൽ കേണ്ടത്**

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|
| കായംകുളം പട്ടണത്തിന്റെ വൈവിധ്യം കണക്കിലെടുത്ത്, ഇവിടുത്തെ കായലുകളും കനാലുകളും സൗന്ദര്യവത്ക്കരിച്ചും പട്ടണത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് കായംകുളത്ത് നിലവിലുള്ള സാഹചര്യങ്ങളും സാധ്യതകളും ഏകോപിപ്പിച്ചുകൊണ്ടും ദേശീയപാതയുടെ ഓരത്തു സ്ഥിതി ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ അടക്കമുള്ള പദ്ധതി ഉൾപ്പെടുത്തിയും നാറ്റ്പാക്ക് പോലുള്ള ഏജൻസികളെ കൊണ്ട് പ്രസ്തുത വിഷയത്തിന്മേൽ പഠനം നടത്തി, വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഡവലപ്മെന്റ് ഓഫ് കായംകുളം ടൗൺ എന്ന പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | കായംകുളം നഗരസഭയുടെ വികസനം ലക്ഷ്യമാക്കി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളതും, ആയതിന്റെ കരട് 16-12-16-ലെ സ.ഉ.(എം.എസ്) നം.190/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഗസറ്റിലും പ്രമുഖ പത്രങ്ങളിലും 14-02-2017-ന് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാകുന്നു. ഇതു സംബന്ധിച്ച ആക്ഷേപനിർ ദ്ദേശങ്ങൾ 15-04-2017 വരെ നഗരസഭാ സെക്രട്ടറിയെ അറിയിക്കാവുന്നതാണ്, മേപ്പടി ആക്ഷേപനിർ ദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് മാസ്റ്റർപ്ലാൻ ഭേദഗതി വരുത്തി അന്തിമ പ്രസിദ്ധീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ